"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## ധനകാര്യ (വ്യയം-സി) വകുപ്പ്

നം.16/2021/ധന

തീയതി, തിരുവനന്തപുരം 10/02/2021.

## പരിപത്രം

വിഷയം: ധനകാര്യ വകുപ്പ്- ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർ കോവിഡുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ പോകേണ്ട സാഹചര്യത്തിൽ അവർക്ക് ആ ദിവസത്തിലെ വേതനം അനുവദിക്കുന്നതിനു മുൻകാല പ്രാബല്യം നൽകുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന : 11.11.2020 ലെ സ.ഉ(പി) നം.155/2020/ധന.

സൂചന പ്രകാരം ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർ കോവിഡുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ പോകേണ്ട സാഹചര്യത്തിൽ അവർക്ക് ആ ദിവസത്തിലെ വേതനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സൂചനയിലെ ഉത്തരവ് പുറപ്പെടുവിച്ചതിനു മുൻപ് കോവിഡ് പോസിറ്റീവ് ആയിരുന്ന ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകുമോ എന്നത് സംബന്ധിച്ച് വ്യക്തത പല ഓഫീസുകളിൽ നിന്ന് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു മുൻപ് കോവിഡ് പോസിറ്റീവ് ആയിരുന്ന ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ആവശ്യമായിവരുന്ന പക്ഷം ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേലധികാരിയുടെ ശുപാർശയോടെ ചികിത്സയിലായിരുന്ന കാലയളവിന്റെ പൂർണ്ണവിവരവും മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഉൾപ്പെടെ സമർപ്പിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

**സഞ്ജയ് എം കൗൾ**
**ധനകാര്യ വ്യയം സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

Seetha

അക്കൗണ്ട്സ് ഓഫീസർ

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-2) കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുത ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഗവർണ്ണറുടെ സെക്രട്ടറി
13. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
14. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
15. എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസ് മേലധികാരികൾക്കും
16. പ്രതിപക്ഷ നേതാവിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
17. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
18. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
19. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ
20. നോഡൽ ഓഫീസർ, www.finance.kerala.gov.in
21. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി